മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

**വാർത്താക്കുറിപ്പ് 1**

**2023 ഓഗസ്റ്റ് 17**

---

## എം.ജി. സർവകലാശാല ഇന്നത്തെ പരീക്ഷകൾ മാറ്റിവച്ചു

മഹാത്മാ ഗാന്ധി സർവകലാശാല ഇന്ന്(ഓഗസ്റ്റ് 18) നടത്താനിരുന്ന എല്ലാ പരീക്ഷകളും നാളത്തേക്ക്(ഓഗസ്റ്റ് 19) മാറ്റി. പരീക്ഷാ കേന്ദ്രങ്ങളിലും രാവിലത്തെ പരീക്ഷകളുടെ സമയത്തിലും മാറ്റമില്ല. ഉച്ചകഴിഞ്ഞുള്ള പരീക്ഷകൾ 1.30 മുതൽ 4.30 വരെയായിരിക്കുമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/994/2023)

## സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2023 അഡ്മിഷൻ എം.ബി.എ കോഴ്സിൽ പട്ടികജാതി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്.

ക്യാറ്റ്, സിമാറ്റ്, കെമാറ്റ് ഇവയിൽ ഏതെങ്കിലും യോഗ്യത നേടിയ എസ്.സി വിഭാഗം വിദ്യാർഥികൾ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സഹിതം ഓഗസ്റ്റ് 21ന് രാവിലെ പത്തിന് നേരിട്ട് ഹാജരാകണം. ഫോൺ: 8714976955

..................

സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിൽ എം.എസ്.സി അപ്ലൈഡ് ജിയോളജി കോഴ്സിന് മുസ്ലിം വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്,

താത്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസൽ സർട്ടിഫിക്കറ്റുകളുമായി ഓഗസ്റ്റ് 21ന് രാവിലെ 11ന് സ്കൂൾ ഓഫീസിൽ എത്തണം. ഫോൺ: 7510741394

(പി.ആർ.ഒ/39/995/2023)

## അഡീഷണൽ ഇലക്ടീവ്

അഡീഷണൽ ഇലക്ടീവ് പേപ്പറുകൾക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള 2022 അഡ്മിഷൻ വിദ്യാർഥികൾക്കും ഓഗസ്റ്റ് 11 ലെ വിജ്ഞാപന പ്രകാരം സെപ്റ്റംബർ എട്ടിന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ, ബി.കോം(2020 അഡ്മിഷൻ സ്പെഷ്യൽ

സപ്ലിമെൻററി പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷ എഴുതാനാകുമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/996/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ ബി.പി.എഡ്(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി, 2015 മുതൽ 2019 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് പരീക്ഷകൾ സെപ്റ്റംബർ 18ന് തുടങ്ങും.

ഓഗസ്റ്റ് 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. പിഴയോടു കൂടി ഓഗസ്റ്റ് 23നും സൂപ്പർഫൈനോടു കൂടി ഓഗസ്റ്റ് 24നും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/997/2023)

## പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ ബി.എ, ബി.കോം(സി.ബി.സി.എസ് 2022 അഡ്മിഷൻ റെഗുലർ, 2021, 2020 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റ് 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി-പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ സെപ്റ്റംബർ 12ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/998/2023)

## വൈവ വോസി

നാലാം സെമസ്റ്റർ എം.സി.എ(2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി -ജൂലൈ 2023) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയം, വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് 21 മുതൽ നടത്തും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/999/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.വോക് സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ(ന്യൂ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്- ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ അഞ്ചിന് പാലാ സെന്റ് തോമസ് കോളജിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.................

എം.എസ്.സി ജിയോളജി സി.എസ്.എസ്(2021 അഡ്മിഷൻ റെഗുലർ, 2020, 2019

അഡ്മിഷനുകൾ സപ്ലിമെന്ററി-ജൂൺ 2023) പരീകഗ്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 21 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.................

നാലാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ് - മെയ് 2023(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 21 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1000/2023)

## പ്രാക്ടിക്കൽ, പ്രോജക്ട് ഇവാലുവേഷൻ, വൈവ വോസി

നാലാം സെമസ്റ്റർ എം.എസ്.സി പ്ലാന്റ് ബയോ ടെക്നോളജി(സി.എസ്.എസ്-2021 അഡ്മിഷൻ റെഗുലർ, 2019-2020 അഡ്മിഷൻ സപ്ലിമെന്ററി-ജൂൺ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് ഇവാലുവേഷൻ, വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് 22 മുതൽ കോളജുകളിൽ നടത്തും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1001/2023)

## പരീക്ഷാ ഫലം

ഈ വർഷം മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ്(2022 അഡ്മിഷൻ പി.ജി.സി.എസ്.എസ് റെഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ ഒന്നുവരെ ഓൺലൈനിൽ അപേക്ഷ നൽകാം.

............................

കഴിഞ്ഞ മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി(പി.ജി.സി.എസ്.എസ്-2022 അഡ്മിഷൻ റെഗുലർ, 2019-21 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ ഒന്നു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

........................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ ഇംഗ്ലീഷ്(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ ഒന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..........................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ ഒന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1002/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**